# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 20.06.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദി 5,900 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ബിഹാറിൽ അൽപസമയത്തിനകം തുടക്കം കുറിക്കും.

   Prime Minister Narendra Modi will inaugurate and lay the foundation stone for multiple development projects worth around five thousand 900 crore rupees in Bihar today.

2) അന്താരാഷ്ട്ര യോഗാ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ആന്ധ്രാപ്രദേശിൽ നാളെ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   Country gets ready for International Yoga Day celebrations. Prime Minister Narendra Modi will Participate in the 11th International Yoga Day event at Visakhapatnam in Andhra Pradesh tomorrow.

3) കൈലാസ് മാനസസരോവർ തീർത്ഥാടനത്തിന് തുടക്കമായി. നാഥുലാ പാസിൽ സിക്കിം ഗവർണർ യാത്ര ഫ്ലാഗ് ഓഫ് ചെയ്തു.

   Kailash Mansarovar Yatra today started from Nathula. A total of 36 member group started the pious journey which is flagged off by Sikkim Governor Om Prakash Mathur.

4) ഇന്ത്യൻ ബഹിരാകാശസഞ്ചാരി ശുഭാൻശു ശുക്ല ഭാഗമായ ആക്സിയം-4 ബഹിരാകാശ ദൗത്യം വീണ്ടും മാറ്റിവച്ചു

Indian astronaut Shubhanshu Shukla's Axiom-4 mission to the International Space Station has again postponed.

5) ഇറാൻ -ഇസ്രായേൽ സംഘർഷം എട്ടാം ദിവസവും അതിരൂക്ഷമായി തുടരുന്നു. ഇസ്രയേൽ നഗരങ്ങളിൽ ഇറാൻ ക്ലസ്റ്റർ ബോംബുകൾ പ്രയോഗിച്ചതായി ഇസ്രയേൽ സേന

Iran-Israel conflict enters the eighth day. Israel has accused Iran of using cluster munitions in the ongoing conflict.

6) ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം

The first test of the five-match India-England Test cricket series will begin today.

**************

## PM Bihar

പ്രധാനമന്ത്രി നരേന്ദ്രമോദി 5,900 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ബിഹാറിൽ അൽപസമയത്തിനകം തുടക്കം കുറിക്കും. സിവാൻ ജില്ലയില ജസൗളിയിൽ നടക്കുന്ന പൊതുപരിപാടിയെ അദ്ദേഹം ഉടൻ അഭിസംബോധന ചെയ്യും. റെയിൽവെ അടിസ്ഥാന സൗകര്യ പദ്ധതികൾ , പാടലിപുത്ര-ഗൊരഖ്പുർ വന്ദേഭാരത് എക്സ്പ്രസ് എന്നിവയ്ക്കാണ് പ്രധാനമന്ത്രി തുടക്കം കുറിക്കുക. പടിഞ്ഞാറൻ ബിഹാറിലെയും, ഉത്തർപ്രദേശിലെയും ജനങ്ങളുടെ ദീർഘകാല ആവശ്യം പരിഗണിച്ചാണ് പുതിയ വന്ദേഭാരത് സർവീസ് ആരംഭിക്കുന്നത്. 53,600 പി.എം ആവാസ് യോജന ഗുണഭോക്താക്കൾക്കുള്ള ആദ്യ ഗഡു ആനുകൂല്യ വിതരണവും അദ്ദേഹം ചടങ്ങിൽ നിർവഹിക്കും. നമാമി ഗംഗാ പദ്ധതിയുടെ ഭാഗമായ ആറ്

മലിനജല ശുദ്ധീകരണ പ്ലാൻറുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**************

## PM Odisha

ഒഡീഷയിലെ ബിജെപി സർക്കാരിൻറെ ഒന്നാം വാർഷികാഘോഷങ്ങളിലും പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും. ഭുവനേശ്വറിലെ ജനതാ മൈതാനിലാണ് ചടങ്ങ്. 18,600 കോടി രൂപയുടെ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. ഭുവനേശ്വറിൽ നടക്കുന്ന റോഡ് ഷോയിലും, തിരംഗാ യാത്രയിലും പങ്കെടുത്ത ശേഷമായിരിക്കും പ്രധാനമന്ത്രി ചടങ്ങിനായി എത്തുക.

**************

## PREZ. VISIT - UTTRAKHAND

രാഷ്ട്രപതി ദ്രൗപദി മുർമു ഉത്തരാഖണ്ഡിലെ ഡെറാഡൂണിലെത്തി. രാഷ്ട്രപതി നികേതനിൽ വിവിധ പദ്ധതികൾക്ക് ശ്രീമതി മുർമു തുടക്കം കുറിച്ചു. രാഷ്ട്രപതി നികേതനിലെ ആംഫിതിയേറ്റർ, രാഷ്ട്രപതി തപോവൻ, സന്ദർശകർക്ക് വേണ്ടിയുള്ള വിവിധ സംവിധാനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. രാഷ്ട്രപതി നികേതനും, രാഷ്ട്രപതി തപോവനും ഈ മാസം 24 മുതൽ ജനങ്ങൾക്കായി തുറന്നു നൽകും. 132 ഏക്കറിൽ നിർമിക്കുന്ന പ്രസിഡൻറ്സ് പാർക്കിൻറെ ഉൾപ്പെടെ വിവിധ പദ്ധതികളുടെ ശിലാസ്ഥാപനവും ശ്രീമതി മുർമു നിർവ്വഹിച്ചു. ഉത്തരാഖണ്ഡ് പോലീസ് മൈതാനിയിൽ നാളെ നടക്കുന്ന യോഗാ ദിനാഘോഷ പരിപാടിയിലും രാഷ്ട്രപതി പങ്കെടുക്കും.

**************

## Yoga Day (INTRO)

11-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ആന്ധ്രാപ്രദേശിൽ നാളെ നടക്കുന്ന യോഗദിന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. വിശാഖപട്ടണത്തെ ആർ.കെ ബീച്ചിൽ അഞ്ച്

ലക്ഷം പേർ പ്രധാനമന്ത്രിയ്ക്കൊപ്പം യോഗാന്ധ്ര 2025 യോഗാഭ്യാസ പരിപാടികളിൽ പങ്കുചേരും.

(ജിംഗിൾ)

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നാളെ രാജ്യത്തുടനീളം യോഗ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യനും, കൊച്ചിയിൽ നടക്കുന്ന യോഗദിനാചരണത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, മലപ്പുറം കോട്ടക്കലിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെയും പങ്കെടുക്കും. ഡൽഹിയിലെ ചുവപ്പ്കോട്ട, കർത്തവ്യ പഥ് തുടങ്ങിയ സുപ്രധാന കേന്ദ്രങ്ങളിലും പ്രത്യേക പരിപാടികൾ നടക്കും. വിവിധ സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും, ജനകീയ കൂട്ടായ്മകളുടെയും നേതൃത്വത്തിൽ വിപുലമായ പരിപാടികളും യോഗാ ദിനാഘോഷത്തിൻറെ ഭാഗമായി നടക്കും.

**************

## Kailash Mansarova

കൈലാസ് മാനസസരോവർ തീർത്ഥാടനത്തിന് തുടക്കമായി. നാഥുലാ പാസിൽ സിക്കിം ഗവർണർ ഓം പ്രകാശ് മാധൂർ യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. 36 തീർത്ഥാടകരാണ് ആദ്യ സംഘത്തിൽ ഉള്ളത്. അഞ്ച് വർഷത്തെ ഇടവേളക്ക് ശേഷമാണ് കൈലാസ് - മാനസസരോവർ തീർത്ഥാടനം പുനരാരംഭിക്കുന്നത്. പത്ത് സംഘങ്ങളായാണ് ഇക്കുറി തീർത്ഥാടനം . 10 മുതൽ 12 ദിവസങ്ങൾ വരെയാണ് ഓരോ സംഘത്തിനും വേണ്ടിവരിക.

**************

## PIYUSH GOYAL - IGF

അടുത്ത 15 വർഷത്തിനകം നൂതനാശയ മേഖലയിൽ ഇന്ത്യ വൻ നിക്ഷേപം നടത്തുമെന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ.

നൂതന ആശയങ്ങളുടെ ആഗോള ഹബ്ബായി
ഇന്ത്യ അതിവേഗം മാറുമെന്നും ലണ്ടനിൽ, സയൻസ് മ്യൂസിയം ഗ്രൂപ്പ് ഡയറക്ടറുമായി നടത്തിയ കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു. സബ്സിഡി, ഗ്രാൻറ് എന്നിവയിലൂടെ സർക്കാർ ഇതിനുള്ള പിന്തുണ നൽകുമെന്നും ശ്രീ പീയുഷ് ഗോയൽ വ്യക്തമാക്കി.

**************

## AXIOM 4 POSTPONED

ഇന്ത്യൻ ബഹിരാകാശസഞ്ചാരി ശുഭാൻശു ശുക്ല ഭാഗമായ ആക്സിയം-4 ബഹിരാകാശ ദൗത്യം വീണ്ടും മാറ്റിവച്ചു. ജൂൺ 22 ന് വിക്ഷേപണം നടക്കുമെന്നാണ് മുൻപ് അറിയിച്ചിരുന്നത് . ഓർബിറ്റൽ ലബോറട്ടറിയുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ
വിലയിരുത്തുന്നതിന് കൂടുതൽ സമയം ആവശ്യമായ സാഹചര്യത്തിലാണ് ദൗത്യം മാറ്റിവച്ചതെന്ന് നാസ അറിയിച്ചു. ദൗത്യ സംഘം ഫ്ലോറിഡയിൽ ക്വാറന്റൈനിൽ തുടരുകയാണ്. ആക്സിയം-4 ൻറെ ഭാഗമായ ഫാൽക്കൺ 9 റോക്കറ്റും, ഡ്രാഗൺ ബഹിരാകാശ പേടകവും തൃപ്തികരമായ നിലയിലാണെന്നും നാസ അറിയിച്ചു.

**************

## VAISHNAW- RUSSIA SPIEF- (INTRO)

റഷ്യയിൽ നടന്ന സെന്റ് പീറ്റേഴ്സ്ബർഗ് ഇന്റർനാഷണൽ ഇക്കണോമിക് ഫോറത്തോടനുബന്ധിച്ച് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് സൗദി അറേബ്യയിലെ ഗതാഗത, ലോജിസ്റ്റിക് സർവീസസ് മന്ത്രി സാലിഹ്
അൽജാസറുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളിലെയും അടിസ്ഥാന സൗകര്യ പദ്ധതികളെക്കുറിച്ചും മേഖലയിലെ ഗതാഗത, ലോജിസ്റ്റിക്സ്
ഇടനാഴികളെക്കുറിച്ചും ഇരു നേതാക്കളും ആശയങ്ങൾ പങ്കുവച്ചു. റെയിൽവേ ഉൾപ്പെടെയുള്ള മേഖലകളിൽ സാങ്കേതിക രംഗം ജനകീയവത്കരിക്കേണ്ടതിന്റെ

ആവശ്യകത ശ്രീ അശ്വിനി വൈഷ്ണവ് ചർച്ചയിൽ പ്രത്യേകം പരാമർശിച്ചു

(വോയിസ്)

**************

## WORLD REFUGEE DAY

ഇന്ന് ലോക അഭയാർത്ഥി ദിനം . ആഭ്യന്തര സംഘർഷങ്ങളെ തുടർന്ന് സ്വന്തം രാജ്യം ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടി വരുന്നവർക്കു വേണ്ടിയാണ് ഐക്യരാഷ്ട്ര സഭ ദിനാചരണത്തിന് ആഹ്വാനം ചെയ്യുത്. അഭയാർത്ഥികൾക്ക് ഐക്യദാർഢ്യം എന്നതാണ് ഇത്തവണത്തെ പ്രമേയം.

**************

## IRAN ISRAEL CLUSTER BOMBS

ഇറാൻ -ഇസ്രായേൽ സംഘർഷം എട്ടാം ദിവസവും അതിരൂക്ഷമായി തുടരുന്നു. ഇസ്രയേൽ നഗരങ്ങളിൽ ഇറാൻ ക്ലസ്റ്റർ ബോംബുകൾ പ്രയോഗിച്ചതായി ഇസ്രയേൽ സേന അറിയിച്ചു. ഇവ നാശനഷ്ടങ്ങൾക്ക് വരുത്തിയതായും ആളപായം റിപ്പോർട്ട് ചെയ്യിട്ടില്ലെന്നുമാണ് ലഭിക്കുന്ന വിവരം. വൻ ആഘാതവും, വിനാശവും സൃഷ്ടിക്കാൻ ക്ലസ്റ്റർ ബോംബുകൾക്ക് സാധിക്കുമെന്നതിനാൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയതായി ഇസ്രയേൽ അറിയിച്ചു. ഇറാൻ ഇന്ന് തെക്കൻ ഇസ്രയേലിലേക്ക് മിസൈൽ ആക്രമണം നടത്തിയതായും ഇസ്രയേൽ ആരോപിച്ചു.

**************

## Operation Sindhu

ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇസ്രയേലിൽ നിന്നുള്ള ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുമെന്ന് കേന്ദ്ര സർക്കാർ. ഇസ്രയേലിൽ നിന്ന് ഇന്ത്യയിലെത്താൻ താല്പര്യമുള്ള പൗരന്മാർക്ക് സുഗമമായ യാത്ര ഉറപ്പാക്കുമെന്ന് വിദേശകാര്യമന്ത്രാലയം

അറിയിച്ചു. ഇതിനായി ഇന്ത്യൻ പൗരൻമാർ എംബസിയിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടെൽ അവീവിലെ ഇന്ത്യൻ എംബസിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്.

**************

## IRAN-ISRAEL CONFLICT

പശ്ചിമ ഏഷ്യയിലെ സംഘർഷ സാഹചര്യം ശാന്തമാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അറാഘ്ചി ജർമനി, ഫ്രാൻസ്, യുകെ വിദേശകാര്യ മന്ത്രിമാരുമായി ഇന്ന് ജനീവയിൽ കൂടിക്കാഴ്ച നടത്തും. ഇതിന് മുന്നോടിയായി മന്ത്രിതല സംഘം യൂറോപ്യൻ യൂണിയനിലെ ഉന്നതനയതന്ത്രജ്ഞൻ കാജാ കാലിസുമായി ചർച്ച നടത്തും. അതെസമയം, ഇറാനിൽ ഭരണവ്യവസ്ഥയിലെ മാറ്റം അംഗീകരിക്കാനാവില്ലെന്ന നിലപാടാണ് റഷ്യ പ്രഖ്യാപിച്ചിരിക്കുന്നത്. ഇറാൻ-ഇസ്രയേൽ സംഘർഷത്തിൽ അമേരിക്കൻ സൈനിക ഇടപെടലിനെതിരെയും റഷ്യ ശക്തമായി മുന്നറിയിപ്പ് നൽകി.

**************

## INDIA- ENGLAND TEST

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സര പരമ്പരയിലെ ആദ്യ ടെസ്റ്റ് ഇന്ന് ഇംഗ്ലണ്ടിലെ ലീഡ്സിൽ ഇന്ത്യൻ സമയം ഉച്ചക്ക് 3:30 ന് ആരംഭിക്കും. ശുഭ് മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

**************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 811 പോയിന്റ്നേട്ടത്തിൽ 82,173 ലും, നിഫ്റ്റി 233 പോയിന്റ് നേട്ടത്തിൽ 25,066 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു.ഗ്രാമിന് 55 രൂപ കുറഞ്ഞു 9,210

രൂപയും,പവന് 440 രൂപ കുറഞ്ഞു 73,680 രൂപയുമാണ് ഇന്നത്തെ വില.

**************

## RAIN-KERALA

സംസ്ഥാനത്ത് മഴ ദുർബലപ്പെടുന്നതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അടുത്ത നാലു ദിവസം ചിലയിടങ്ങളിൽ മഴക്ക് സാധ്യതയുണ്ടെങ്കിലും ജാഗ്രത നിർദേശങ്ങൾ നൽകിയിട്ടില്ല. വടക്കൻ കേരള തീരം മുതൽ വടക്കൻ കൊങ്കൺ തീരം വരെ തീരദേശ ന്യൂനമർദപാത്തി രൂപപ്പെട്ടതായി കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

**************

**********

***